24846

**വളരെ അടിയന്തിരം**

**'ഭരണഭാഷ-മാതൃഭാഷ'**

നമ്പർ. എസ്2 (എ)-36/2016/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി :05.11.2016.

പ്രേഷകൻ
പൊതു വിദ്യാഭ്യാസ ഡയറക്ടർ.

സ്വീകർത്താവ്
വിദ്യാഭ്യാസ ഉപഡയറക്ടർ,
.....എറണാകുളം.....

സർ,

വിഷയം :- ഡി.പി.ഐ - ബാലാവകാശം - കർത്തവ്യങ്ങൾ - ബോധവത്കരണം - എന്നിവ സംബന്ധിച്ച പ്രതിജ്ഞ സ്കൂളുകളിൽ ചൊല്ലുന്നത് സംബന്ധിച്ച്.

സൂചന:- കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷന്റെ നമ്പർ 1945/ആർ.ടി.ഇ/15/കെ.ഇ.എസ്.സി.പി.സി.ആർ. തീയതി 19.10.2016 ലെ അർദ്ധഔദ്യോഗിക കത്ത്.

നവംബർ 20 ന് സാർവ്വദേശീയ ശിശുദിനമായി ആചരിക്കുന്ന വിവരം സൂചന പ്രകാരം കമ്മീഷന്റെ ചെയർപേഴ്സൺ അറിയിച്ചിട്ടു്. ഈ ദിവസം അവധിയായതിനാൽ **നവംബർ 18** ന് സ്കൂൾ അസംബ്ലിയിൽ കുട്ടികൾ ബാലവകാശവും കർത്തവ്യവും സംബന്ധിച്ച പ്രതിജ്ഞ എടുക്കേതാണെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ പ്രത്യേകം നിർദ്ദേശിച്ചിട്ടു്. ഇതിനുള്ള നടപടിയായി താങ്കളുടെ ജില്ലയിലുള്ള എല്ലാ സ്കൂളുകളിലും പ്രതിജ്ഞ എടുക്കുന്നതിനുവേി പ്രത്യേകം നിർദ്ദേശം നൽകേതാണ്. ചൊല്ലേ പ്രതിജ്ഞ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടു്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ(സ്റ്റാറ്റിസ്റ്റിക്സ്),
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

ഉള്ളടക്കം- പ്രതിജ്ഞ

113

## പ്രതിജ്ഞ

"ഭാരതീയനായതിൽ ഞാൻ അഭിമാനിക്കുന്നു. എന്റെ രാജ്യത്തിന്റെ മഹത്തായ സംസ്കാരം എന്നെ സ്വാധീനിക്കുകയും നയിക്കുകയും ചെയ്യുന്നു. ഭാരതത്തിന്റെ ഭരണഘടനയിലെ മൗലിക കർത്തവ്യങ്ങൾ ഞാൻ നിർവ്വഹിക്കുന്നതാണ്. ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ജീവിക്കുക എന്നത് എന്റെ അവകാശമാണ്. രക്ഷിതാക്കളെയും ഗുരുജനങ്ങളെയും ഞാൻ ബഹുമാനിക്കുന്നതാണ്. അക്രമ മാർഗ്ഗം ഒരിക്കലും ഞാൻ സ്വീകരിക്കുകയില്ല. ജലം, വൃക്ഷങ്ങൾ തുടങ്ങി എല്ലാ പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണവും മലിനീകരണം തടയുന്നതും എന്റെ കർത്തവ്യമാണ്. എന്നെയും എന്റെ സഹോദരീസഹോദരന്മാരായ കുട്ടികളെയും മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുന്ന ഒരു പ്രവൃത്തിയും ഞാൻ പൊറുക്കുകയില്ല. അത്തരം സംഭവങ്ങൾ രക്ഷിതാക്കളെയും അധികാരികളെയും അറിയിക്കുന്നതിൽ ഞാൻ എപ്പോഴും മുൻപന്തിയിലുണ്ടാകും. ഇത് എന്റെ കർത്തവ്യവും ചുമതലയുമാണ്. സന്തോഷകരവും ചൂഷണരഹിതവുമായ കുട്ടിക്കാലം എന്റെ ഭാവിക്കാവശ്യമായതിനാൽ ഞാൻ എപ്പോഴും അതിനായി നിലകൊള്ളുമെന്നും പ്രതിജ്ഞ ചെയ്യുന്നു."

Ekm F4/179/16/L-DIS dtd 15/11/16.

കത്ത് എല്ലാ പ്രധാന അദ്ധ്യാപകരെയും അറിയിക്കുന്നതിനായി

ഫോർവേഡ് നൽകേണ്ടതാണ്

for DDE
Ernakulam

To
All AEO's & DEO's